LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി 832 പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ട്. തുടർന്ന് ഇതു സംബന്ധിച്ച് 483 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസുകളിലായി 328 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഇതിൽ 164 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 3 പേർ ബ്ലേഡ് മാഫിയ ഭീഷണിയെ തുടർന്ന് ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊട്ടായി പോലീസ് സ്റ്റേഷൻ പരിധിയിൽ വരോഡ് എന്ന സ്ഥലത്ത് ബ്ലേഡ് മാഫിയയുടെ ഭീഷണിമൂലം ഒരു കുടുംബത്തിലെ 3 പേർ ആയ (1) വിനോദ്, (2)മനോജ്, (3) മാധവി എന്നിവർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആയതിന് ക്രൈം നമ്പർ 667/2014 u/s 174 Cr.PC altered into 306 IPC & Sec. 3, 17 of KML Act, Sec. 3, 9 of Prohibition of Charging Exorbitant Interest Act പ്രകാരം ഒരു കേസ് എജിസ്റ്റർ ചെയ്തിട്ടുള്ളതും രവിദാസ് എന്നയാളിനെ പ്രതിയാക്കി കേസ് അന്വേഷണം നടത്തി വരികയുമാണ്. ഇതിനുപുറമേ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ ചാമി തരകൻ എന്നയാൾ മക്കൾ ബ്ലേഡ് പലിശയ്ക്ക് കടം വങ്ങിയതിലുള്ള മനോവിഷമത്താൽ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് ടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 389/2014 u/s 306 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 4 പ്രതികളുള്ളതിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. മരണപ്പെട്ട ചാമി തരകനെ ബ്ലേഡ് മാഫിയ ഭീഷണിപ്പെടുത്തിയതായി അറിവായിട്ടില്ല. ജില്ലയിൽ ഇതു സംബന്ധിച്ച് ദുരൂഹ സാഹചര്യത്തിൽ ആരും മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയ്ക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി., ഡി.സി.ആർ.ബി.യ്ക്കെതിരെ പരാതി ലഭിച്ചിട്ടില്ല.

(ഡി) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയ്ക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടില്ല.

രാഷ്ട്രീയ കൊലപാതകങ്ങൾ

225 (226) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സി.പി.ഐ. (എം) പ്രവർത്തകരായ എത്ര പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട് ; ഓരോ കേസിലെയും പ്രതികളുടെ

രാഷ്ട്രീയ ബന്ധം വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സി.പി.ഐ. (എം) പ്രവർത്തകരായ എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട് ; പേര് വിവരം നല്കാമോ ; കൊലപാതകവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം സി.ബി.ഐ.ക്ക് വിടുകയുണ്ടായിട്ടുണ്ടോ ; ഓരോ കൊലപാതക കേസിലെയും പ്രതികൾ ഏതെല്ലാം രാഷ്ട്രീയ സംഘടനകളുമായി ബന്ധപ്പെട്ടവരായിരുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരായ 47 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുന്ന വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരായ 10 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. കൊല ചെയ്യപ്പെട്ടവരുടെ പേരു വിവരങ്ങളും പ്രതികളുടെ രാഷ്ട്രീയ സംഘടനകളുമായുള്ള ബന്ധവും അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.* ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകർ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു കേസും സി.ബി.ഐ. അന്വേഷണത്തിന് വിടുകയുണ്ടായില്ല.

രാഷ്ട്രീയ കൊലപാതകങ്ങൾ

226 (227) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സി.പി.ഐ.(എം) പ്രവർത്തകരും, അനുഭാവികളും കൊല്ലപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly